കല്ലേറ്റുംകരയിലെ കാലിത്തീറ്റ ഫാക്ടറിയിലെ തീപിടുത്തം

153 (1088) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജക മണ്ഡലത്തിലെ കല്ലേറ്റുകരയിലെ കാലിത്തീറ്റ ഫാക്ടറിയിൽ കാലിത്തീറ്റ നിർമ്മാണത്തിന് സംഭരിച്ച ചോളത്തിന് തീപിടിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര പ്രാവശ്യം തീപിടുത്തം ഉണ്ടായി ; ഇതുമൂലം എത്ര സംഖ്യ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) തീപിടിത്തത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് മാള എം. എൽ.എ. രേഖാമൂലം ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്പാദനമാരംഭിച്ച ശേഷം രണ്ടു പ്രാവശ്യം തീപിടുത്തമുണ്ടായി. ഏകദേശം 1.08 കോടി രൂപ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

(സി) ഉണ്ട്.

(ഡി) കമ്പനിതലത്തിൽ നടന്ന അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച ശേഷം കൂടുതൽ അന്വേഷണം ആവശ്യമെങ്കിൽ നടത്തുന്നതാണ്.

മാള നിയോജകമണ്ഡലത്തിലെ കാലിത്തീറ്റ ഫാക്ടറി

154 (1089) ശ്രീ. യു.എസ്.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജക മണ്ഡലത്തിൽ കല്ലേറ്റുംകരയിൽ പ്രവർത്തനം ആരംഭിച്ച കാലിത്തീറ്റ ഫാക്ടറി പ്രവർത്തനം ആരംഭിച്ചത് ഏതു വർഷത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഫാക്ടറിക്കുവേണ്ടി ഈ സർക്കാർ എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾ എന്തു തുക വീതം ഈ ഫാക്ടറിക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1999 ഫെബ്രുവരി മാസത്തിലാണ് കമ്പനി പ്രവർത്തനം ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം 15.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കമ്പനിയുടെ മുതൽമുടക്ക് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

1.	കേരള സർക്കാർ	21,09,00,000 രൂപ
2.	ഓയിൽപാം ഇൻഡ്യ ലിമിറ്റഡ്	1,00,00,000 രൂപ
3.	പ്ലാന്റേഷൻ കോർപ്പറേഷൻ	1,00,00,000 രൂപ
4.	മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ	5,00,000 രൂപ
5.	സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ	1,00,00,000 രൂപ
6.	കേരള അഗ്രോമെഷീനറി കോർപ്പറേഷൻ	1,50,00,000 രൂപ
7.	കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്	60,00,000 രൂപ
8.	കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ	10,000 രൂപ
9.	കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ	10,000 രൂപ
10.	കേരള കോർപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ	20,00,000 രൂപ
11.	ടി.ആർ.സി.എം.പി.യു.	30,00,000 രൂപ
12.	എം.ആർ.സി.എം.പി.യു	30,00,000 രൂപ
13.	ഇ.ആർ.സി.എം.പി.യു.	15,00,000 രൂപ
14.	പ്രൈമറി കോപ്പറേറ്റീവ് സൊസൈറ്റീസ് (195 എണ്ണം)	21,30,000 രൂപ

വേളി ടൂറിസ്റ്റ് കേന്ദ്രം

155 (1090) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ വേളി ടൂറിസ്റ്റ് കേന്ദ്രത്തെ ഒരു അന്തർദേശീയ വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly